"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിലെ കല്യാശേരി ബ്ലോക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിൽ പട്ടുവം അംശം അരിയിൽ ദേശം സർവ്വേ നമ്പർ 256/2ൽ പ്പെട്ട ഒരു ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമി കേരള കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് മേഖലാ കാർഷിക ഗവേഷണകേന്ദ്രത്തിനു കീഴിൽ കൈപ്പാട് ഓർഗാനിക്ക് റിസർച്ച് & ഡെവലപ്പ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനായി സർക്കാർ ഏജൻസിയായ കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയ്ക്ക് 750/- രൂപ വാർഷിക പാട്ടം ഈടാക്കി മുപ്പത് വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എൽ) വകുപ്പ്

സ.ഉ.(കൈ) നം.301/2022/RD തീയതി,തിരുവനന്തപുരം, 17-12-2022

---

പരാമർശം:- 1)12.07.2007 ലെ സഉ(കൈ) 260/2007 / റവ നമ്പർ ഉത്തരവ്

2)കണ്ണൂർ ജില്ലാ കളക്ടറുടെ 16/02/2022 ലെ DCKNR/ 404/2022/B4(2)നമ്പർ കത്ത്.

3)ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 17/02/2022 ലെ LBB-110/2022-B3 നമ്പർ കത്ത്.

4)ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 04/06/2022 ലെ LBB3/110/2022 നമ്പർ കത്ത്.

5)ലാന്റ് ബോർഡ് സെക്രട്ടറിയുടെ 29.06.2022 ലെ എൽ.ബി.ബി3-110/22 നമ്പർ നടപടിക്രമം.

## ഉത്തരവ്

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ താലൂക്കിൽ പട്ടുവം വില്ലേജിലെ റീ സർവ്വേ 256/2 ൽപ്പെട്ട 8 ഏക്കർ മിച്ചഭൂമിയിൽ 2 ഏക്കർ മിച്ചഭൂമി പരാമർശം (1) പ്രകാരം IHRDയുടെ കീഴിൽ പ്രവർത്തിക്കുന്ന പട്ടുവം അപ്ലൈഡ് സയൻസ് കോളേജിന്, സെന്റിന് 2000 രൂപ നിരക്കിൽ, കൈമാറിയിരുന്നു. പ്രസ്തുത ഉത്തരവിൽ തന്നെ ബാക്കിയുള്ള 6 ഏക്കർ മിച്ചഭൂമി ഡീ റിസർവ്വ് ചെയ്ത് ഭൂരഹിത കർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനും ഉത്തരവായി. പ്രസ്തുത 6 ഏക്കർ മിച്ചഭൂമിയിൽ നിന്നും ഒരു ഏക്കർ ഭൂമി കേരള കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് മേഖലാ കാർഷിക ഗവേഷണകേന്ദ്രത്തിനു കീഴിൽ കൈപ്പാട് ഓർഗാനിക്ക് റിസർച്ച് & ഡെവലപ്പ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനായി സർക്കാർ ഏജൻസിയായ Kaipad Area Development Society യ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്ന താണെന്ന് കണ്ണൂർ ജില്ലാ കളക്ടർ പരാമർശം (2) പ്രകാരവും ലാന്റ് ബോർഡ് സെക്രട്ടറി പരാമർശം (3 ) പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

2. 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1860ലെ XXI-)ാം കേന്ദ്ര ആക്ട്) പ്രകാരമാണ് Kaipad Area Development Society രജിസ്റ്റർ ചെയ്തിരിക്കുന്നത്. കണ്ണൂർ ജില്ലാകളക്ടറുടെ പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാട്ടതുക നിശ്ചയിച്ചുകൊണ്ട് പരാമർശം (4) പ്രകാരവും കല്യാശേരി ബ്ലോക്കിലെ പട്ടുവം അംശം അരിയിൽ ദേശം സർവ്വേ നമ്പർ 256/2ൽപ്പെട്ട ഒരു ഏക്കർ മിച്ച ഭൂമി പൊതു ആവശ്യത്തിന് മാറ്റിവച്ചുകൊണ്ട് പരാമർശം (5) പ്രകാരവും ലാൻഡ് ബോർഡ് സെക്രട്ടറി നടപടിക്രമം പുറപ്പെടുവിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കല്യാശേരി ബ്ലോക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിൽ പട്ടുവം അംശം അരിയിൽ ദേശം സർവ്വേ നമ്പർ 256/2ൽ പ്പെട്ട ഒരു ഏക്കർ സർക്കാർ

പുറമ്പോക്ക് ഭൂമി സർക്കാർ ഏജൻസിയായ കൈപ്പാട് ഏര്യാ ഡെവലപ്മെന്റ് സൊസൈറ്റിക്ക് കേരള കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് മേഖലാ കാർഷിക ഗവേഷണകേന്ദ്രത്തിനു കീഴിൽ 'ഓർഗാനിക്ക് റിസർച്ച് & ഡെവലപ്പ്മെന്റ് സെന്റർ' സ്ഥാപിക്കുന്നതിനായി 06.02.2016 തീയതിയിലെ സ.ഉ (കൈ) 96/2016/റവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 750/- രൂപ വാർഷിക പാട്ടം ഈടാക്കി മുപ്പത് വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തു വാനോ പാടുള്ളതല്ല.

Iii)ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.

iv) ഭൂമി എല്ലാ തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും പ്രസ്തുത സ്ഥാപനം തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്.

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയ ശേഷമേ മുറിക്കുവാൻ പാടുള്ളു. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

vii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

viii)പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix)മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി

ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാകുന്നതാണ്.

4. ഇക്കാര്യത്തിലെ നിയമാനുസൃതമായ തുടർനടപടികൾ കണ്ണൂർ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .എ .ജയതിലക് ഐ എ എസ്

അഡീഷണൽ

ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

രജിസ്ട്രാർ,കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, പീലിക്കോട്, കാസർഗോഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/(എ&ഇ)), തിരുവനന്തപുരം.

പൊതുഭരണ (എസ്.സി.) വകുപ്പ് (14/12/2022 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം 1247 നമ്പർ പ്രകാരം)

നിയമവകുപ്പ് (24/2/2022 ലെ നം 3586/ഉപദേശം -ജി 1/22/നിയമം പ്രകാരം )

ധനകാര്യ വകുപ്പ് (28/09/2022 ലെ EXP-A1/423/2022-FIN പ്രകാരം )

റവന്യൂ (എൻ) വകുപ്പ് (REV-N1/10/2022-റവ)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി (L2/164/2022/REV)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ